LIBRARY ARCHIVES Kerala Legislative Assembly

**വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയുടെ ഒ.പി.ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണം**

**30 (613)** ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. ജി. പി. പദ്ധതി പ്രകാരം ആരംഭിച്ച വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയുടെ ഒ.പി. ബ്ലോക്ക് കെട്ടിടം പണി മാർച്ച് 31-ശേഷം എം.ജി.പി. ഫണ്ടിൽ നിന്നും പണം ലഭ്യമാകാതെ പ്രവർത്തനം മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(സി) നിലവിൽ പണി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്താണ് എന്ന് വിശദമാക്കുമോ ;

(ഇ) തടസ്സംനീക്കി പണി എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി പ്രവർത്തിക്കായുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ട്. എം.ജി.പി. ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഇതുവരെ ചെയ്ത പണിയുടെ തുകയായ 6,88,888- (ആറു ലക്ഷത്തി എൺപത്തി എണ്ണായിരത്തി എണ്ണൂറ്റി എൺപത്തി എട്ട് രൂപ) ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകുന്നതിന് അലോട്ട്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്.

(സി-ഇ) എം.ജി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഒ.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം നടന്നത്. എന്നാൽ എം.ജി.പി. പദ്ധതി ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഫണ്ട് ലഭ്യമല്ല. ആവശ്യമായ ഫണ്ട് ലഭ്യമാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുന്നംകുളം താലൂക്ക് ആശുപത്രി ഒ.പി. ബ്ലോക്ക് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി**

**31 (614)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിച്ച് ഒ.പി. ബ്ലോക്ക് പണിയുന്നതിന്റെ നടപടികളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;